**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല – ജല സുരക്ഷ ജീവ സുരക്ഷ ക്യാമ്പയിൻ - ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവയിൽ നിന്ന് ധനസഹായം - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.3493/2016/തസ്വഭവ                                        തിരുവനന്തപുരം, തീയതി, 22.12.2016

പരാമർശം:- 1. കോഴിക്കോട് മേയറുടെ 13/12/2016 ലെ കത്ത്

2. സ.ഉ.(എം.എസ്) 58/06/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

കേരളം അഭിമുഖീകരിക്കുന്ന ജലദൗർലഭ്യത്തിന്റെയും കാലാവസ്ഥ മാറ്റത്തിന്റെയും പശ്ചാത്തലത്തിൽ "ജലസുരക്ഷ ജീവ സുരക്ഷ" എന്നൊരു സംസ്ഥാന തല ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന്റെ സംഘാടന ചെലവുകൾക്കായി കോഴിക്കോട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നതിനുള്ള അനുമതിയാണ് പരാമർശം (1) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. "ജല സുരക്ഷ ജീവ സുരക്ഷ" എന്നൊരു സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സംഘാടന ചെലവുകൾക്കായി കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 2000/- (രണ്ടായിരം) രൂപ വീതവും മുനിസിപ്പാലിറ്റികളിൽ നിന്ന് 10000/- (പതിനായിരം) രൂപ വീതവും കോഴിക്കോട് കോർപ്പറേഷനിൽ നിന്ന് 50000/- (അൻപതിനായിരം) രൂപയും തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശ (2)ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വാഗത സംഘം ജനറൽ കൺവീനർ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പകർപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിനായി)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾക്ക് ലഭ്യമാക്കുന്നതിനായി)

ചെയർപേഴ്സൺ/ സെക്രട്ടറി, കോഴിക്കോട് നഗരസഭ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ